(എ) 6-11-1997-ൽ 228/97-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിലെ സ്ത്രീകൾക്കായി സി.ഡി.പി.ഒ, എ.സി.ഡി.പി.ഒ. തസ്തികകൾ സംവരണം ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിൽ വരുത്തിയോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) 6-11-1997 ലെ 228/97-ാം നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായിരുന്നുവോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ ഉത്തരവും കോടതി നിർദ്ദേശവും ഉണ്ടായതിന് ശേഷം 6-11-1997 ശേഷം എത്ര പുരുഷന്മാരെ സി.ഡി.പി.ഒ, എ.സി.ഡി.പി.ഒ തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇങ്ങനെയുള്ള നിയമനങ്ങളിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള പ്രത്യേക ചട്ടങ്ങൾ പ്രകാരം പുരുഷ വിഭാഗം ജീവനക്കാർക്കു കൂടി ലഭിച്ചുകൊണ്ടിരുന്ന പ്രൊമോഷൻ ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയാകാത്ത തരത്തിലും ഭാവിയിൽ ഉണ്ടാകുന്ന സി.ഡി.പി.ഒ, എ.സി.ഡി.പി.ഒ തസ്തികകൾ സ്ത്രീകൾക്ക് സംവരണം ചെയ്തു കൊണ്ടും വകുപ്പിലെ പ്രത്യേക ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നും 6-11-97-ലെ ജി.ഒ. (ആർ.റ്റി) 228/97 സാ.ക്ഷേ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിൻ പ്രകാരം നിലവിലുള്ള പ്രത്യേക ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) 6-11-97-ലെ 228/97 നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായിരുന്നു. ആയതിൻ പ്രകാരം നിലവിലുള്ള പ്രത്യേക ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും സ്പെഷ്യൽ ആഫീസർ കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 6-11-1997-ന് ശേഷം സി.ഡി.പി.ഒ. തസ്തികയിൽ 39 പുരുഷന്മാരേയും എ.സി.ഡി.പി.ഒ തസ്തികയിൽ 27 പുരുഷന്മാരെയും തികച്ചും താൽക്കാലിക വ്യവസ്ഥയിൽ പ്രൊമോഷൻ മുഖാന്തിരം നിയമിച്ചിട്ടുണ്ട്.

(ഡി) ഇങ്ങനെയുള്ള നിയമനം സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിശോധനയിലാണ്.

അംഗൻവാടികൾ

44 (617) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇപ്പോൾ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ ഭാഗമായി എത്ര അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര അംഗൻവാടികളാണ് നിലവിലുണ്ടായിരുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടായിരുന്നെന്നും ഇപ്പോൾ ആകെ എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ആകെ എത്ര കുട്ടികളാണ് അംഗൻവാടികളിൽ വന്നുകൊണ്ടിരുന്നത് എന്നും, ഇപ്പോൾ ആകെ എത്ര കുട്ടികളാണ് അംഗൻവാടികളിൽ വന്നുകൊണ്ടിരിക്കുന്നത് എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ഭാഗമായി 20,070 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 18756 അംഗൻവാടികൾ അനുവദിച്ചിരുന്നു. എന്നാൽ പ്രവർത്തനം ആരംഭിച്ചിരുന്നത് 14197 അംഗൻവാടികൾ മാത്രമായിരുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 14197 അംഗൻവാടി വർക്കർമാരും 14197 ഹെൽപ്പർമാരും ഉണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാനത്ത് 20,070 വർക്കർമാരും 20,070 ഹെൽപ്പർമാരും ഉണ്ട്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 5,60,880 കുട്ടികളാണ് അംഗൻവാടികളിൽ വന്നുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ 6,54,023 കുട്ടികളാണ് അംഗൻവാടികളിൽ വന്നുകൊണ്ടിരിക്കുന്നത്.

അംഗൻവാടികളുടെ എണ്ണം

45 (618) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) വാർഡുകളുടെ പുനർ നിർണ്ണയം കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഐ.സി.ഡി.എസ്. മാനുവൽ പ്രകാരം 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന കണക്കിന് റൂറൽ,

LIBRARY ARCHIVES Kerala Legislative Assembly